"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി-പഴയകാല കരിങ്കൽ ക്വാറികളിലെ ഖനനവുമായി ബന്ധപ്പെട്ട് കുടിശ്ശിക നിവാരണ അദാലത്ത് നടത്തുന്നതിന് അനുമതി നൽകിയും അദാലത്തിന് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(കൈ) നം.28/2026/ID തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-
1. 25.08.2023-ലെ സ.ഉ.(കൈ) നം. 61/2023/വ്യവ
2. 06.02.2024-ലെ സ.ഉ.(കൈ) നം. 10/2024/വ്യവ
3. 15.03.2024-ലെ സ.ഉ.(കൈ) നം. 21/2024/വ്യവ
4. 28.02.2025-ലെ സ.ഉ.(കൈ) നം. 18/2025/വ്യവ
5. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03.02.2026 തീയതിയിൽ ചേർന്ന യോഗം
6. 11.02.2026, 20.02.2026-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/2185/2025-M4 നമ്പർ കത്തുകൾ

**ഉത്തരവ്**

31.03.2023-ലെ KMMC, KMPIMST ചട്ടഭേദഗതി നിലവിൽ വന്ന ശേഷം അധിക ഖനന/അനധികൃത ഖനന കുടിശ്ശിക നിവാരണ അദാലത്ത് സംഘടിപ്പിക്കുന്നതിന് പരാമർശം ഉത്തരവുകൾ പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2015ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുൻപ് പ്രവർത്തിച്ചു വന്നിരുന്ന ക്വാറികളിൽ നിലവിൽ ഡ്രോൺ ലിഡാർ സർവ്വേ പ്രകാരമുള്ള റിപ്പോർട്ടിൽ ധാതുവിന്റെ അളവിൽ വലിയ വ്യത്യാസങ്ങൾ വരുന്നതിനാൽ നിലവിലെ പിഴ ചുമത്തുന്നത് അപ്രായോഗികമായതിനാൽ പഴയകാല ഖനികളിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഒരു ഒറ്റത്തവണ അദാലത്ത് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ നിർദ്ദേശമനുസരിച്ച് പഴയകാല കരിങ്കൽ ക്വാറികളിലെ ഖനനവുമായി ബന്ധപ്പെട്ട് കുടിശ്ശിക നിവാരണ അദാലത്ത് നടത്തുന്നതിനുള്ള പ്രൊപ്പോസൽ മൈനിംഗ് & ജിയോളജി ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

2) മൈനിംഗ് & ജിയോളജി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. പഴയകാല കരിങ്കൽ ക്വാറികളിലെ ഖനനവുമായി ബന്ധപ്പെട്ട് കുടിശ്ശിക നിവാരണ അദാലത്ത് നടത്തുന്നതിന് അനുമതി നൽകിയും അദാലത്തിന് ചുവടെ ചേർക്കും പ്രകാരം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>മാർഗ്ഗ നിർദ്ദേശങ്ങൾ</u>**

1. അനുവദനീയമായ അളവിൽ കൂടുതൽ ധാതു നീക്കം ചെയ്തതായി കാണുന്ന കേസുകളിൽ കൂടുതലായി നീക്കിയതായി കാണുന്ന അളവിനെ ക്വാറി പ്രവർത്തിച്ച ആകെ ദിനങ്ങൾകൊണ്ട് ഹരിയ്ക്കുകയും പ്രതിദിനം നീക്കം ചെയ്ത അളവ് കണ്ടെത്തി ഓരോ റോയൽറ്റി റിവിഷൻ കാലഘട്ടത്തിൽ എത്ര അളവ് (രണ്ടു റോയൽറ്റി റിവിഷൻ കാലയളവിനിടയ്ക്കുള്ള ദിവസങ്ങൾ x പ്രതിദിനം നീക്കം ചെയ്ത അളവ്) ധാതു നീക്കം ചെയ്തുവെന്നു കണക്കാക്കി അക്കാലത്ത് നിലവിലിരുന്ന ചട്ടപ്രകാരമുള്ള പീനൽ പ്രൊവിഷനും ബാധകമാക്കിക്കൊണ്ടും പരാമർശം(1) ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള കോമ്പൗണ്ടിംഗ് ഫീസും ചേർത്ത് കുടിശ്ശിക തുക തിട്ടപ്പെടുത്തുക.

സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന റോയൽറ്റി നിരക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 31.01.1985 വരെ | - 0.50 രൂപ |
| 01.02.1985 മുതൽ 23.01.1989 വരെ | - 1 രൂപ |
| 24.01.1989 മുതൽ 02.06.1992 വരെ | - 2 രൂപ |
| 03.06.1992 മുതൽ 31.03.1997 വരെ | - 8 രൂപ |
| 01.04.1997 മുതൽ 04.01.2015 വരെ | - 16 രൂപ |
| 05.01.2015 മുതൽ 31.03.2023 വരെ | - 24 രൂപ |
| 01.04.2023 മുതൽ നാളിതുവരെ | - 48 രൂപ |

2.അപേക്ഷകൻ സ്വീകരിക്കേണ്ട നടപടികൾ

i. വെള്ള പേപ്പറിലുള്ള വിശദമായ അപേക്ഷ

ii. ഖനനം നടത്തിയ സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്.

iii.ഖനനം നടത്തിയ സ്ഥലത്തിന്റെയും അതിരുകളിലുള്ള സ്ഥലത്തിന്റെയും ഉടമസ്ഥാവകാശവും സർവ്വേ നമ്പരുകളും ഉൾപ്പെടുത്തിയ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ മാപ്പ്.

iv.ഖനനം നടത്തിയ ഏര്യയുടെ ബൗണ്ടറി പില്ലറുകളുടെ GPS Co-ordinates ഉൾപ്പെടുത്തിയ സർവ്വേ നമ്പരുകൾ ഉൾപ്പെടെയുള്ള RQP സാക്ഷ്യപ്പെടുത്തിയ മാപ്പ്.

V. ഇളവ് ലഭിക്കാൻ അർഹതയുള്ള രേഖകളുടെ പകർപ്പ്.

vi.ഖനനം തുടങ്ങിയത് ഏത് കാലഘട്ടത്തിലാണെന്ന് തെളിയിക്കപ്പെടുന്ന രേഖകൾ (അനുമതി പത്രത്തിന്റെ പകർപ്പ്, നോട്ടീസിന്റെ പകർപ്പ്, പിഴ ഒടുക്കിയ രേഖയുടെ പകർപ്പ്, ഖനന സൂചനയുള്ള ആധാരത്തിന്റെ പകർപ്പ്, ഗൂഗിൾ മാപ്പ്, KSREC യുടെ റിപ്പോർട്ട്)

vii. ജനറൽ അഫിഡവിറ്റ്.

3. ഡ്രോൺ-ലിഡാർ സർവേ റിപ്പോർട്ട് (കെ.എം.എം.സി ചട്ടപ്രകാരം കെൽട്രോൺ മുഖാന്തരം ലഭ്യമാക്കിയത്)

4.ലെഗസി കേസുകളിൽ ഉൾപ്പെടുന്ന ക്വാറികളിൽ 15% അളവ് മേൽമണ്ണ്/ഓവർ ബർഡൻ എന്ന ഇനത്തിൽ കുറവ് ചെയ്യാവുന്നതാണ്.

5. അദാലത്ത് പ്രകാരം ലഭിക്കുന്ന ഡിമാന്റ് തുക ഒറ്റത്തവണയായി തീർപ്പാക്കുന്ന പക്ഷം ടി ഡിമാന്റ് തുകയിൽ നിന്ന് 25% ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പ്രസ്തുത ഡിമാന്റ് തുക തവണകളാക്കി ഒടുക്കുകയാണെങ്കിൽ മേൽ പരാമർശിച്ച ഇളവ് ലഭിക്കുന്നതല്ല.

6. അദാലത്തു പ്രകാരം ഇളവ് ലഭിച്ചവർക്ക് ഗഡുക്കൾ അനുവദിക്കുന്ന പക്ഷം പ്രതിമാസ തവണകൾ ഒടുക്കുവരുത്തുന്നതിൽ വീഴ്ച വരുത്തിയാൽ ടിയാൾക്കു അദാലത്തിന്റെ ആനുകൂല്യം നഷ്ടപ്പെടുന്നതും ആനുകൂല്യമില്ലാതെ ഒടുക്കേണ്ടുന്ന തുക പുനഃസ്ഥാപിക്കുകയും ചെയ്യും.

7. സർക്കാർ ഉത്തരവ് തീയതി മുതൽ 45 ദിവസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതും ഡ്രോൺ സർവ്വേ ചെയ്യേണ്ട വിഷയത്തിൽ അറിയിപ്പ് നൽകി 7 ദിവസത്തിനകം ആയതിന്റെ ഫീസ് ഒടുക്കേണ്ടതും ഡിമാന്റ് നോട്ടീസ് നൽകി ഒരു മാസത്തിനകം മുഴുവൻ ഡിമാന്റ് തുക/ആദ്യ ഇൻസ്റ്റാൾമെന്റ് തുക ഒടുക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ ജിയോളജിസ്റ്റുമാർക്കും(മൈനിംഗ് & ജിയോളജി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 11-03-2026 17:30:57

ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
വ്യവസായ (എ) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറി